ഉത്തരം

(എ) തിരുവങ്ങാട്-ചമ്പാട് റോഡിൽ മീത്തലെ-ചമ്പാട്-മാക്കുനി റോഡിന്റെ പുനരുദ്ധാരണത്തിനു വേണ്ടി വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട (അനുബന്ധമായി ചേർക്കുന്നു.*) 0.8979 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ബി) ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയുടെ സർവ്വെ റെക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളതും പ്രഖ്യാപനം ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ അടിസ്ഥാന ഭൂവിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി പുരോഗമിച്ചു വരുന്നതുമാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഭൂവില നിർണ്ണയിച്ച് അംഗീകരിക്കേണ്ടതും, വിശദമായ വില നിർണ്ണയ പത്രിക അംഗീകരിച്ചതിനുശേഷം അവാർഡ് എൻക്വയറി നടത്തുകയും അവാർഡ് പാസ്സാക്കുകയും ചെയ്യേണ്ടതുണ്ട്.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനായി 110 ലക്ഷം രൂപയാണ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ഇ) പൊന്നും വില നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) പൊന്നുംവില നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നഷ്ട പരിഹാരത്തുക എത്രയും വേഗം കക്ഷികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്

ഇടുക്കി സ്പൈസസ് പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി

184(890) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി സ്പൈസസ് പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ;

(ബി) തൊടുപുഴ മുട്ടത്ത് ഇതിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ?

ഉത്തരം

(എം.ബി) സ്പൈസസ് പാർക്കിനുവേണ്ടി ഇടുക്കി ജില്ലയിൽ മുട്ടം, കൽകൂന്തൽ വില്ലേജുകളിൽപ്പെട്ട ഭൂമിയാണ് ഏറ്റെടുക്കാനുള്ളത് മുട്ടം വില്ലേജിൽ പൊന്നും വില നടപടികൾ നടന്നുവരുന്നതും പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മുട്ടം വില്ലേജിൽ നിന്ന് ഏറ്റെടുക്കേണ്ട വസ്തുക്കളെ ആറു ഗ്രൂപ്പുകളായി തിരിച്ച് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യ ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗം 28-12-2010-ന് കൂടുകയും എല്ലാ വസ്തു ഉടമകളെയും പ്രസ്തുത യോഗത്തിൽ വിളിക്കുകയും കക്ഷികളുമായി വിലയെക്കുറിച്ചും സാമൂഹിക പശ്ചാത്തലങ്ങളെക്കുറിച്ചും ചർച്ച നടത്തുകയും വില ധാരണയിലെത്താൻ സാധിക്കാത്തതിനാൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. കൽകൂന്തൽ വില്ലേജിൽപ്പെട്ട ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly